# ശിർക്ക് മഹാപാപം

**ഗ്രന്ഥകർത്താവ്:** **ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ**
**അവലംബ ഗ്രന്ഥം:** بلوغ السعادة فی توحید رب العبادة
**വിവർത്തനം:** **അബ്ദുൽ ജബ്ബാർ അബ്ദുല്ല**

عن عبد الله بن مسعود ﷺ قَالَ: قُلْت يا رسولَ اللهِ أي الذنبِ أعظَم ؟ قَالَ: أنْ تجعلَ لله نِدا وهو خلقَك

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﷺവിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: ഞാൻ ചോദിച്ചു: ''അല്ലാഹുവിന്റെ റസൂലേ, പാപങ്ങളിൽ ഏറ്റവും വലുത് ഏതാണ്?'' അദ്ദേഹം പറഞ്ഞു: «നീ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കലാണ്; അവൻ നിന്നെ സൃഷ്ടിച്ചിരിക്കെ.»

عن أبِي بكْرَةَ عن أبِيه ﷺ قَالَ: قَالَ النبِي ﷺ: ألَا أنبئُكُم بِأكْبرِ الْكبائرِ ثَلَاثًا قَالُوا: بلَى يا رسولَ الله. قَالَ: الْإشراك بِالله وعقُوق الْوالدينِ وجلَس وكَانَ متكئًا، فَقَالَ: ألَا وقَولُ الزورِ. قَالَ: فَما زالَ يكَررها حتى قُلْنا لَيته سكَت

അബൂബകറഃ ﷺ തന്റെ പിതാവിൽനിന്നും നിവേദനം ചെയ്യുന്നു, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ഞാൻ നിങ്ങൾക്ക് മഹാപാപങ്ങളെക്കുറിച്ച് അറിയിച്ചു തരട്ടെയോ? (മൂന്നു തവണ തിരുമേനിﷺ ഇത് ആവർത്തിച്ചു) അവർ പറഞ്ഞു: 'അതെ, അല്ലാഹുവിന്റെ റസൂലേ.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിൽ പങ്കുചേർക്കൽ, മാതാപിതാക്കളെ ധിക്കരിക്കൽ, ചാരിഇരിക്കുകയായിരുന്ന അദ്ദേഹം നേരെയിരുന്നു. ശേഷം പറഞ്ഞു: അറിയുക, കള്ളം പറയൽ, അറിയുക, കള്ളസാക്ഷ്യം നിർവ്വഹിക്കൽ.' അദ്ദേഹം അത് ആവർ ത്തിച്ചുകൊണ്ടേയിരുന്നു. ഞങ്ങൾ പറഞ്ഞു: ''അദ്ദേഹം മൗനം ദീക്ഷിച്ചുവെങ്കിൽ'' (ബുഖാരി: 2654, മുസ്ലിം: 87)

عن عميرِ بنِ قَتادةَ ﷺ أن رجلًا قَالَ يا رسولَ الله ما الْكبائر؟ قَالَ: هن سبع أعظَمهن إشراك بِالله وقَتلُ النفْسِ بِغيرِ حق وفرار يوم الزحف

ഉമെയ്ർ ഇബ്നു ക്വതാദഃ ﷺവിൽനിന്നും നിവേദനം, ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഏതാണ് വൻപാപങ്ങൾ? അദ്ദേഹം പറഞ്ഞു: 'അവ ഏഴെണ്ണമാകുന്നു. അവയിൽ ഏറ്റവും ഗൗരവമായത് അല്ലാഹുവിൽ പങ്ക് ചേർക്കലാണ്. അന്യായമായ മനുഷ്യവധവും, യുദ്ധമുഖത്തുനിന്ന് പിന്തിരിഞ്ഞോടലും' (നിസാഈ, അബൂദാവൂദ്, ബൈഹഖി, ഹാകിം, ത്വഹാവി, ത്വബ്റാനി)

عن رجلٍ من خثْعم قَالَ: قُلْت يا رسولَ اللهِ ، أي الأَعمالِ أبغض إلَى الله ؟ قال: الإِشراك بِالله قُلْت : يا رسولَ الله ، ثُم مه ؟ قَالَ : قَطيعةُ الرحمِ

ഖഥ്അം ഗോത്രത്തിലെ ഒരു വ്യക്തിയിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു, ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന് ഏറ്റവും കോപമുണ്ടാക്കുന്ന പ്രവൃത്തികൾ ഏതാണ്? അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിൽ പങ്കുചേർക്കൽ' ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, പിന്നെ ഏതാണ്? അദ്ദേഹം പറഞ്ഞു: 'കുടുംബ ബന്ധം മുറിക്കൽ' (അബൂ യഅ്ലാ: 2839)